# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3059      23.03.2015-ൽ മറുപടിയ്ക്ക്

### കലാകാര പെൻഷൻ

ചോദ്യം
ശ്രീ.കെ. അജിത്

മറുപടി
ശ്രീ. കെ.സി.ജോസഫ്
(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതെല്ലാം വിഭാഗങ്ങളിലുള്ളവർക്കാണ് കലാകാരപെൻഷൻ നൽകുന്നതെന്ന വ്യക്തമാക്കുമോ ? | (എ) | സ.ഉ. (എം.എസ്) 49/99/സിഎഡി തീയതി 08.11.1999 പ്രകാരമുള്ള കലാവിഭാഗങ്ങൾക്കാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്.(പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) |

സെക്ഷൻ ഓഫീസർ

അനുബന്ധം

XII

കേരള സർക്കാർ

സംഗ്രഹം

കലാകാര പെൻഷൻ – പദ്ധതിയുടെ ചട്ടങ്ങൾ ക്രോഡീകരിച്ചും പരിഷ്കരിച്ചും ഭേദഗതികൾ ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = =

സാംസ്കാരിക കാര്യ (സി) വകുപ്പ്

സ.ഉ.(എം.എസ്)നം:49/99/സി.എ.ഡി. തീയതി, തിരുവനന്തപുരം, 8-11-1999

= = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:–
1) ജി.ഒ.(എം.എസ്)23/91/സി.എ.ഡി. തീയതി 02-09-'91
2) ജി.ഒ.(എം.എസ്)35/92/സി.എ.ഡി. തീയതി 31-12-'92
3) ജി.ഒ.(എം.എസ്)35/95/സി.എ.ഡി. തീയതി 16-12-'95
4) ജി.ഒ.(എം.എസ്)39/96/സി.എ.ഡി. തീയതി 10-07-'96
5) ജി.ഒ.(എം.എസ്)60/96/സി.എ.ഡി. തീയതി 20-11-'96
6) ജി.ഒ.(എം.എസ്) 6/97/സി.എ.ഡി. തീയതി 31-01-'97
7) ജി.ഒ.(എം.എസ്)22/97/സി.എ.ഡി. തീയതി 26-04-'97
8) ജി.ഒ.(എം.എസ്)50/97/സി.എ.ഡി. തീയതി 29-08-'97
9) ജി.ഒ.(എം.എസ്)70/97/സി.എ.ഡി. തീയതി 16-12-'97
10) ജി.ഒ.(എം.എസ്)16/99/സി.എ.ഡി. തീയതി 23-03-'99

## ഉത്തരവ്

സംസ്ഥാന കലാകാര പെൻഷന്റെ നിലവിലുള്ള ചട്ടങ്ങൾ ക്രോഡീകരിച്ചും; പരിഷ്കരിച്ചും ഭേദഗതികൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ പുതിയ ചട്ടങ്ങൾ അംഗീകരിച്ച് ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്നു.

2. പുതുക്കിയ ചട്ടങ്ങൾ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

കെ.വി.ശ്രീദേവി
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

എല്ലാ ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് ഡയറക്ടർ
ഗവൺമെന്റ് പ്രസ് സൂപ്രണ്ടിന് (ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ
സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
സെക്രട്ടറി, കേരള [illegible], തൃശ്ശൂർ
സെക്രട്ടറി, കേരള കലാമണ്ഡലം, തൃശ്ശൂർ
സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(ഒപ്പ്)
സെക്ഷൻ ഓഫീസർ

ശരിപകർപ്പ്

Anitha Kumari

സെക്ഷൻ ഓഫീസർ

Deepa
SO

## കേരള സംസ്ഥാന കലാകാരപെൻഷൻ - പരിഷ്കരിച്ച ചട്ടങ്ങൾ

1. ഈ ചട്ടങ്ങൾ സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും പ്രതിമാസം ധനസഹായം നല്കുന്ന കേരള സംസ്ഥാന കലാകാരപെൻഷൻ പദ്ധതിയുടെ ചട്ടങ്ങൾ എന്ന പേരിലറിയപ്പെടുന്നു.
2. ഓരോ ആൾക്കും പ്രതിമാസം ~~400 (നാനൂറ്)~~ Rs 750/- (എഴുനൂറ്റി അമ്പത്) രൂപാ നിരക്കിൽ ധനസഹായം നല്കുന്നതാണ്.
3. ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യകാരന്മാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാൻറ് വാദ്യം, നാടൻ കലകൾ, എന്നിങ്ങനെയുള്ള കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

കുറിപ്പ്: - കേരളീയ ക്ഷേത്ര കലകൾ: -

1) വാദ്യകലകൾ: - മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കുറുംകുഴൽ, നാഗസ്വരം, കുഴിത്താളം, ചേങ്ങില, മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ്.
2) ക്ലാസിക്കി കലകൾ: - പാഠകം, കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പു നൃത്തം, പുരാണപാരായണം, തോറ്റംപാട്ട്, സോപാന സംഗീതം.
3) ക്ഷേത്രശില്പകല: - തടി, കരിങ്കല്ല്, മുതലായവയിലെ കൊത്തുപണികൾ (കാർവിംഗ്) തുടങ്ങിയവ.
4) ചിത്രകല: - ഭിത്തി ചിത്രങ്ങൾ (മ്യൂറലുകൾ) കളമെഴുത്ത്, തെയ്യം, തിറ, മുതലായ കലകളുടെ മുഖത്തെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ.
5) നാടൻ കലാരൂപങ്ങൾ: - തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കാരിശ്ശിനാടകം, കണ്യാർകളി, പരിചമുട്ടുകളി, കോൽക്കളി, പൂതനും തിറയും, തിരിയുഴിച്ചിൽ, ആവാമിക്കളി, ചിന്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, കെന്ത്രോൻപാട്ട്, കോതാമൂരി, അർജ്ജുന നൃത്തം, കുത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻപാട്ട്, ഭഗവതി പാട്ട്, ഒപ്പന, ദഫ്മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗ്ഗം കളി.
6) ആദിവാസി കലകൾ: - പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി രൂപങ്ങൾ (ഗദ്ദിക, പൂജഗദ്ദിക, വട്ടക്കളി തുടി, മാരി നീക്കർ കുമ്മികളി എന്നീ ചില ഗോത്ര കലകൾ)

4) സിനിമയുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഈ പദ്ധതിപ്രകാരം കലാകാര പെൻഷന് അപേക്ഷിക്കാവുന്നതല്ല.

5) പുതിയതായി കലാകാരപെൻഷന് അപേക്ഷ നല്കാൻ ഉദ്ദേശിക്കുന്നവർ കാലാകാലങ്ങളിൽ ഉള്ള ഗവൺമെൻറ് വിജ്ഞാപനങ്ങളനുസരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന തരത്തിലുള്ള ഫാറത്തിൽ ബന്ധപ്പെട്ട അക്കാദമികളിൽ അപേക്ഷ നല്കേണ്ടതാണ്.

(തുടർച്ച )

Dev /80

6) 50 (അമ്പത്) വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിമാസ വരുമാനം 750/- രൂപയിൽ കവിയാത്തവരും ആയ സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

കുറിപ്പ്: -

1) പ്രായപൂർത്തിയായ മക്കളുടെ വരുമാനവും കുടുംബ പെൻഷനും ഒഴികെ കുടുംബത്തിലെ മറ്റെല്ലാ അംഗങ്ങളുടെയും ചേർത്തുള്ള യഥാർത്ഥ വരുമാനമായിരിക്കും പ്രതിമാസ കുടുംബ വരുമാനമായി കണക്കാക്കപ്പെടുന്നത്.

2) കുടുംബ വരുമാനം കണക്കാക്കുന്നതിന് സർക്കാരിൽ നിന്നും (കേന്ദ്രസർക്കാർ ഉൾപ്പെടെ) ലഭിക്കുന്ന എല്ലായിനം പെൻഷനും കണക്കിലെടുക്കേണ്ടതാണ്. എന്നാൽ സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, വരുമാനം കണക്കാക്കുന്നതിന് ഉൾപ്പെടുത്തുന്നതല്ല.

3) സർവീസ് പെൻഷന് അതാത് കാലങ്ങളിൽ അനുവദിക്കുന്ന ഡി. എ വരുമാനമായി കണക്കാക്കുന്നതല്ല.

7) വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റും ജനന തീയതി തെളിയിക്കുന്ന രേഖ ഒരു ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

8) കേന്ദ്ര-സംസ്ഥാന പദ്ധതിപ്രകാരം ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന സാഹിത്യകാരന്മാർക്കും കലാകാരന്മാർക്കും സംസ്ഥാന പദ്ധതി പ്രകാരമുള്ള കലാകാര പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

9) അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമി മുഖേന സർക്കാരിന് അയയ്ക്കേണ്ടതാണ്.

10) മുഖ്യമന്ത്രി, സാംസ്കാരിക കാര്യ വകുപ്പുമന്ത്രി, സാംസ്കാരിക കാര്യ വകുപ്പു സെക്രട്ടറി, ധനകാര്യ വകുപ്പു സെക്രട്ടറി എന്നിവരടങ്ങിയ ഒരു ഉന്നതാധികാര സമിതി കലാകാരപെൻഷന്റെ നിരക്കും കാലാവധിയും നിശ്ചയിക്കുന്നതാണ്.

11) അനുവദിക്കപ്പെടുന്ന കലാകാര പെൻഷൻ മാസംതോറും നിശ്ചിത നിരക്കിൽ ഒരു നിശ്ചിത [illegible] നൽകപ്പെടുന്നതാണ്.

12) കലാകാരപെൻഷൻ പദ്ധതിയെ സംബന്ധിച്ച് ഉന്നതാധികാര സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതാണ്.

13) ജില്ലാ കളക്ടർ മുഖേന സാംസ്കാരിക വകുപ്പായിരിക്കും കലാകാര പെൻഷൻ വിതരണം ചെയ്യുന്നത്.

14) ഗുണഭോക്താവിന്റെ മേൽവിലാസം മാറുകയാണെങ്കിൽ ആ വിവരം സാംസ്കാരിക വകുപ്പു സെക്രട്ടറിയേയും ബന്ധപ്പെട്ട കളക്ടറെയും അറിയിക്കാൻ ഗുണഭോക്താവ് ബാദ്ധ്യസ്ഥനാണ്.

(തുടർച്ച...)

15) തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കലാകാര പെൻഷൻ അനുവദിക്കപ്പെട്ടുവെന്നോ കലാകാരപെൻഷൻ അനുവദിക്കപ്പെട്ടയാളിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിരുന്നുവെന്നോ, അല്ലെങ്കിൽ പിന്നീട് മെച്ചപ്പെട്ടുവെന്നോ ബോദ്ധ്യമായാൽ അനുവദിച്ച കലാകാര പെൻഷൻ നിർത്തലാക്കുന്നതും നല്കിയ തുക തിരിച്ച് ഈടാക്കുന്നതുമാണ്.

16) കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു കലാകാരന് തുടർന്നും പെൻഷൻ ലഭിക്കുന്നതിന് വേണ്ടി വീണ്ടും അപേക്ഷിക്കേണ്ടതില്ല.

17) കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ കലാകാര പെൻഷൻ തുടർന്ന് ലഭിക്കുന്നതിന് വർഷംതോറും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. എന്നാൽ കലാകാര പെൻഷൻ ഒരു ഗുണഭോക്താവിന് ആദ്യമായി നല്കുംപോൾ അവരുടെ വരുമാനം കർശനമായി പരിശോധിക്കേണ്ടതാണ്. കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഇന്ത്യയ്ക്കകത്ത് എവിടെ താമസിക്കുകയാണെങ്കിലും പെൻഷൻ തുക അവർക്ക് മണിഓർഡർ ആയി അയച്ചുകൊടുക്കുന്നതാണ്.

18) അനുവദിച്ച കലാകാരപെൻഷൻ തുക മുഴുവൻ വാങ്ങിക്കുന്നതിന് മുമ്പ് കലാകാരൻ മരണപ്പെടുകയാണെങ്കിൽ മരണപ്പെട്ട മാസം ഉൾപ്പെടെ അതുവരെ വാങ്ങാനുള്ള പെൻഷൻ തുക അനന്തരാവകാശികൾക്ക് ലഭിക്കുന്നതാണ്.

19) കലാകാരപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നയാൾ മരിച്ചുപോയാൽ കുടിശ്ശിക പെൻഷൻ അനന്തരാവകാശികൾക്ക് യുക്തമായ അന്വേഷണത്തിനുശേഷം കളക്ടർമാർ അനുവദിച്ചുകൊടുക്കുന്നതാണ്.

20) കലാകാരപെൻഷൻ ലഭിക്കുന്ന കലാകാരന്മാരുടെ ഒപ്പ് ഒരിക്കൽ മാത്രം (ആദ്യം പെൻഷൻ വാങ്ങുംപോൾ) സാക്ഷ്യപ്പെടുത്തിയാൽ മതിയാകുന്നതാണ്

21) സർവീസ് പെൻഷൻകാരെ പോലെ ആറുമാസത്തിലൊരിക്കൽ തങ്ങൾ ജീവിച്ചിരിക്കുന്നുവെന്നുള്ളതിന് ഒരു ഗസറ്റഡ് ആഫീസറുടെ സർട്ടിഫിക്കറ്റ് കലാകാരപെൻഷൻ വാങ്ങുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

ശരിപകർപ്പ്